പ്രത്യേകമായ അനുവാദം നൽകിയിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞ കാര്യം കുറെയൊക്കെ ശരിയാണ്. പക്ഷെ മറ്റു പല കോൺസ്റ്റിറ്റുവൻസികളെയും അപേക്ഷിച്ച് അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റുവൻസി ഭേദമാണ്. എന്നാലും കുറച്ച് പെന്റിംഗ് ഉണ്ട്. ..... മേഘനനും കുറച്ച് പണം അടയ്ക്കുന്ന കൂട്ടത്തിലാണ്. എപ്പോഴും വിളിക്കുകയും ചെയ്യും. ഇതുപോലെ തന്നാൽ ഡേറ്റയച്ച് കാര്യങ്ങൾ പറയാം. ..... ചന്ദ്രനൊന്നും പണം അടയ്ക്കുന്നില്ല. ..... (ബഹളം) ..... പണം അടയ്ക്കുന്നവർക്കല്ലേ കൊടുക്കുക. ..... സർ, ഇങ്ങനെ ചെയ്താൽ എന്തുചെയ്യും?

മി. സ്പീക്കർ: ഓരോരുത്തർ ഓരോ പ്രോജക്ട് കൊണ്ടുവരും. അത്രയല്ലേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ..... (ബഹളം) ..... അത് എങ്ങനെ? ഇവിടെ ആൻസർ ചെയ്താൽ വേറെ ചോദിക്കുന്നത് എങ്ങനെ? ചന്ദ്രൻ പണം അടച്ചിട്ടുണ്ട് എങ്കിൽ ഇതുപോലെ ചോദ്യം ചോദിക്കുകയോ സബ്മിഷൻ തരുകയോ ചെയ്താൽ ഇതുപോലെ ഉത്തരം തരും. അല്ലാതെ സർ, ... മണ്ണാർക്കാടിന്റെ കാര്യം ചോദിച്ചാൽ ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസിക്ക് മറുപടി പറയുമോ? മണ്ണാർക്കാടിന്റെ ചോദിച്ചാൽ മണ്ണാർക്കാടിന് ഉത്തരം പറയും. അദ്ദേഹം ചോദിച്ച ഒരു കാര്യം പ്രധാനപ്പെട്ടതാണ്. 1-4-2005-നു ശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്ന ആളുകളാരും മിനിമം ഗ്യാരണ്ടി ചാർജ്ജ് കൊടുക്കേണ്ടതില്ലെന്ന തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. മിനിമം ഗ്യാരണ്ടി വർക്കു മുഴുവൻ ഇപ്പോൾ അറേഞ്ച് ചെയ്തു കഴിഞ്ഞു. ഈയിടെ കേരളകത്ത് ഉദ്ഘാടനം ചെയ്തത് 995-ലെ മിനിമം ഗ്യാരണ്ടിവച്ചവർക്കാണ്. അതിനേക്കാളുമൊക്കെ എത്ര ബെറ്ററാണ് മണ്ണാർക്കാട് കോൺസ്റ്റിറ്റുവൻസി. അതുകൊണ്ട് ഇനിയും കുറെ സ്ഥലങ്ങളിൽ മിനിമം ഗ്യാരണ്ടിയുണ്ട്. ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസി കാണും. വേറെ എന്റെ കോൺസ്റ്റിറ്റുവൻസിയുണ്ട്. അതെല്ലാം പരമാവധി വേഗതയിൽ ചെയ്യാൻ ശ്രമിക്കും. ഇലക്ട്രിസിറ്റിയുടെ കുറച്ച് കുറവുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

(5) പരവൂർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : കൊല്ലം ജില്ലയിലെ രണ്ട് മുനിസിപ്പൽ പട്ടണങ്ങളിലൊന്നാണ് എന്റെ മണ്ഡലത്തിലെ പരവൂർ. രണ്ടുമൂന്ന് തവണയായി ഇവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള എ. എസ്. പുതുക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ 2003-ൽ എ. എസ്. കിട്ടിയിട്ട് ഇപ്പോൾ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതിനുവേണ്ടി ഇതിന്റെ ഉദ്യോഗസ്ഥന്മാർ വന്നപ്പോഴെല്ലാം എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിന് മുനിസിപ്പാലിറ്റി സമ്മതിച്ചിട്ടുള്ളതും അത് അനുസരിച്ച് അവർ കെട്ടിടങ്ങളെടുത്തിട്ടുള്ളതുമാണ്. കേരളത്തിലെ ഏറ്റവും വലിയ എൽ. പി. ജി. ബോട്ട്‌ലിങ് പ്ലാന്റ് ഇപ്പോഴും കൊച്ചി കഴിഞ്ഞാൽ പാരിപ്പള്ളിയിലാണ് പ്രവർത്തിക്കുന്നത്. എന്തെങ്കിലും അത്യാഹിതമുണ്ടായാൽ കൊല്ലത്തുനിന്നും 25, 26

LIBRARY ARCHIVES Kerala Legislative Assembly

കി.മീ. സഞ്ചരിച്ചുവേണം അവിടെ ഫയർ എഞ്ചിൻ എത്തിക്കുവാൻ. മുനിസിപ്പൽ പട്ടണത്തിൽ ഒരു മുനിസിപ്പാലിറ്റി എല്ലാ സൗകര്യങ്ങളും ചെയ്ത് കൊടുക്കാമെന്ന് ഏറ്റിട്ടും ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഞാൻ ഫയർ ഫോഴ്സിന്റെ ഡയറക്ടറുമായി സംസാരിച്ചപ്പോൾ ഗവൺമെന്റ് സ്റ്റാഫുകളെ നിയമിക്കാത്തതു കൊണ്ടാണ് ആരംഭിക്കാത്തത് എന്നാണ് ഡയറക്ടർ ജനറൽ പറയുന്നത്. എത്രയും പെട്ടെന്ന് സ്റ്റാഫുകളെ നിയമിച്ച് പരവൂരിൽ ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : പരവൂരിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻഗണനാ ക്രമത്തിൽ അഞ്ചാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി സ്ഥലം തരാമെന്ന് പറഞ്ഞു. സ്ഥലം ഇതുവരെ കൈമാറിയിട്ടില്ല. ഇപ്പോൾ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ചെയ്യാമെന്ന് പറയുന്നുണ്ട്. ഇതുവരെ ചെയ്തിട്ടില്ല. അത് ചെയ്തുകഴിഞ്ഞാൽ ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം അടിയന്തിരമായി പരിശോധിക്കാം.

(6) വിഴിഞ്ഞം മറൈൻ അക്വേറിയവും അനുബന്ധ സ്ഥാപനങ്ങളും അടുച്ചുപൂട്ടാനുള്ള നീക്കം

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1951-ൽ പ്രവർത്തനമാരംഭിച്ച സി. എം. എഫ്. ആർ. ഐ.-യുടെ വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിന് ഇപ്പോൾ മൂന്ന് ഘടകങ്ങളുണ്ട്. ഗവേഷണ കേന്ദ്രം, പരീക്ഷണശാല, മറൈൻ അക്വേറിയം. കേരളത്തിന്റേയും ഇന്ത്യയുടേയും സമഗ്രമായ സാമ്പത്തിക വിദ്യാഭ്യാസ വികസനത്തിന് ഉതകുന്ന ഒരു പ്രധാന കേന്ദ്രമായി സി. എം. എഫ്. ആർ. ഐ.-യുടെ വിഴിഞ്ഞം യൂണിറ്റ് മാറിക്കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം തീരവുമായി ബന്ധമുള്ള സമുദ്രജലം കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതാണെന്നാണ് ഇത് സംബന്ധിച്ച ഗവേഷണ പഠനങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് വന്നിട്ടുള്ളത്. വളരെയധികം വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങൾ, ഷെൽ മത്സ്യങ്ങൾ, അലങ്കാര മത്സ്യങ്ങൾ എന്നിവയടങ്ങുന്ന മറൈൻ വൈവിധ്യങ്ങളുടെ ഒരു കലവറയായിട്ടാണ് വിഴിഞ്ഞം തീരത്തുള്ള സമുദ്രപ്രദേശം കണക്കാക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ മറൈൻ ബയോളജിയുമായി ബന്ധപ്പെട്ട ചില പ്രധാന ഗവേഷണം, ഇന്ത്യയുടെ മറ്റൊരു ഭാഗത്തും നടക്കാൻ സാധ്യതയില്ലാത്തത്, വിഴിഞ്ഞത്തു മാത്രമേ നടത്താൻ കഴിയുകയുള്ളൂ. സൗത്ത് ആസ്ട്രേലിയൻ അക്വാട്ടിക് സയൻസ് ഡിവിഷനുമായി സി. എം. എഫ്. ആർ. ഐ.യുടെ വിഴിഞ്ഞം കേന്ദ്രം ഒരു സംയുക്ത പ്രോജക്ട് സംബന്ധിച്ച നിർദ്ദേശം ഇതിനകംതന്നെ മുപ്പെടുത്തിയിട്ടുണ്ട്. വിദേശീയരും തദ്ദേശീയരുമായ ധാരാളം സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നതാണ് അറിടുത്തെ മറൈൻ അക്വേറിയം. മറൈൻ സാങ്കേതിക വിദ്യയിൽ സാമൂഹികവും സാമ്പത്തികവും പരിസ്ഥിതിപരവുമായ ധാരാളം ഗവേഷണ പ്രവർത്തനങ്ങൾ അവിടെ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly